LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് മാംസോല്പാദന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടില്ല. എന്നാൽ വയനാട് ജില്ലയിലെ മീനങ്ങാടിയിൽ ചാരിറ്റബിൾ നിയമപ്രകാരം ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്ന സ്ഥാപനം മാംസോല്പാദന രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി & സി) ബാധകമല്ല.

**വിദർഭ മോഡൽ പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ**

94 (5772) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. ഹംസ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ വിദർഭ മോഡൽ പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര പശുക്കളെ വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി സുതാര്യമാക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയത് ;

(ഡി) കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം എത്ര കന്നുകുട്ടികളെ വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന പശുക്കളേയും കന്നുകുട്ടികളേയും സംരക്ഷിക്കുന്നതിന് പ്രത്യേക സഹായം നൽകുന്നുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(എഫ്) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു എന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്യപ്പെട്ട കാസർഗോഡ് ജില്ലയിൽ കാർഷിക മേഖലയിൽ നഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും അവർക്ക് അധിക വരുമാനം ലഭ്യമാക്കി കർമ്മനിരതരാക്കുന്നതിനും ലക്ഷ്യമിട്ട് മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന ചില പദ്ധതികളാണ് വിദർഭ മോഡൽ പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് വ്യാപകമായ പരസ്യം നൽകുകയും അപേക്ഷകൾ ക്ഷണിക്കുകയുമുണ്ടായി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരസ്യം ചെയ്തിരുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ്, പാൽ സൊസൈറ്റി പ്രതിനിധി, വെറ്ററിനറി ഡോക്ടർ, ബാങ്ക് പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിക്കുകയും ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഇപ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിനും കന്നുകുട്ടി പരിപാലനത്തിനും പ്രത്യേകം പ്രത്യേകം ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബാങ്കുകൾ മുഖേന ലോൺ സൗകര്യം ഏർപ്പെടുത്തി. സംസ്ഥാനത്ത് പുറത്തുനിന്നും പശുക്കളെ വാങ്ങുന്നതിനായി പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. 30,000 രൂപ സബ്സിഡിയും 30,000 രൂപ ലോണും ഉൾപ്പെടുന്നതാണ് ഓരോ ഡയറി യൂണിറ്റും. നാളിതുവരെ പാലക്കാട് ജില്ലയിൽ 2984 പശുക്കളേയും വയനാട് ജില്ലയിൽ 2926 പശുക്കളേയും കാസർഗോഡ് ജില്ലയിൽ 2937 പശുക്കളേയും വിതരണം ചെയ്തുകഴിഞ്ഞു. കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഓരോ ജില്ലയിലും 1500 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി. ഓരോന്നിനും 7300 രൂപയുടെ ആനുകൂല്യം തീറ്റയായും വിരമരുന്നായും ഇൻഷ്വറൻസ് പ്രീമിയമായും ലഭിക്കുന്നു. പുതുതായി വാങ്ങി നൽകിയ പശുക്കൾക്ക് സൗജന്യനിരക്കിൽ ഒരു വർഷക്കാലം തീറ്റ നൽകുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഒരു പശുവിന് 9125 രൂപയുടെ ആനുകൂല്യം തീറ്റയായി ഇതുമൂലം ലഭിക്കുന്നുണ്ട്. കന്നുകുട്ടികളുടെ കൃത്രിമ ബീജസങ്കലനം പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. കന്നുകാലികളുടെ വന്ധ്യതാ നിവാരണത്തിന് ആവശ്യമായ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയും ഗർഭിണികളായ പശുക്കൾക്ക് ഗർഭകാലത്തിന്റെ അവസാന മൂന്നുമാസക്കാലം സൗജന്യ നിരക്കിൽ തീറ്റ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഒരു പശുവിന് 1010 രൂപയുടെ ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതിയിൽ പാലക്കാട് ജില്ലയിൽ 30000 പശുക്കൾക്കും വയനാട് ജില്ലയിൽ 7500 പശുക്കൾക്കും കാസർഗോഡ് ജില്ലയിൽ 7500 പശുക്കൾക്കും ഈ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. വിദർഭ പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന ഓരോ പശുക്കളുടെയും ആരോഗ്യ പരിപാലനത്തിനായി 300 രൂപയുടെ വീതം മരുന്നുകൾ വാങ്ങി നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഈ പദ്ധതിയുടെ പുരോഗതി കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നതിന് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റികൾ പദ്ധതി പുരോഗതി വിലയിരുത്തുന്നുമുണ്ട്.

(ബി) വിദർഭ പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിലെ 2937 പശുക്കളെയും വയനാട് ജില്ലയിൽ 2926 പശുക്കളേയും പാലക്കാട് ജില്ലയിൽ 2984 പശുക്കളേയും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പദ്ധതി സംബന്ധിച്ച് വ്യാപകമായ പരസ്യം നൽകുകയും അപേക്ഷകൾ ക്ഷണിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരസ്യം ചെയ്യുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ്, പാൽ സൊസൈറ്റി പ്രതിനിധി, വെറ്ററിനറി ഡോക്ടർ, ബാങ്ക് പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിക്കുകയും ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്.

1. കുടുംബത്തിലെ ഏതെങ്കിലും ഒരംഗം കാർഷിക കടംമൂലം ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ

2. വിധവകൾ (കുടുംബത്തിൽ മറ്റു വരുമാന മാർഗ്ഗമില്ല/അംഗങ്ങൾക്ക് അസുഖം)

3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

4. കാർഷിക കടം നിലവിലുള്ള കുടുംബം

പഞ്ചായത്ത്തല കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ്, ജില്ലാ കളക്ടറുടെ അനുമതിതേടി പദ്ധതി നടപ്പിലാക്കുന്നു.

(ഡി) കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ആകെ 4500 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ നിരക്കിൽ തീറ്റയും വിരമരുന്നും ഇൻഷ്വറൻസ് പരിരക്ഷയും നൽകിയിട്ടുണ്ട്. വിദർഭ പദ്ധതി പ്രകാരം കന്നുകുട്ടികളെ വിതരണം ചെയ്യുന്നില്ല.

(ഇ) വിദർഭ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ഓരോ പശുവിനും അത്യാവശ്യ ചികിത്സയ്ക്കും ആരോഗ്യ സംരക്ഷണത്തിനുമായി 300 രൂപയുടെ വീതം സഹായം മരുന്നായി നൽകുന്നുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കന്നുകുട്ടികൾ ഓരോന്നിനും 7300 രൂപയുടെ ആനുകൂല്യം തീറ്റയായും വിരമരുന്നായും ഇൻഷ്വറൻസ് പ്രീമിയമായും സഹായം നൽകുന്നു.

(എഫ്) വിദർഭ മോഡൽ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 44.74 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനകം 42.95 കോടി രൂപ ചെലവഴിച്ചു.

## ആലുവ നിയോജക മണ്ഡലത്തിലെ ക്ഷീരസഹകരണ സംഘങ്ങൾ

95 (5773) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ നിയോജകമണ്ഡലത്തിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തനം നിലച്ചതുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly